14/2/23.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 219*(2)/2022*/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **3996**/എസ്.ഐ.സി-ജി 6/22)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.ഷാജിമോൻ കെ.,
ഉമ്മാശ്ശേരി,
പനങ്ങാട് പി.ഒ.,
എറണാകുളം, പിൻ – 682 506.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
ജൂനിയർ സൂപ്രണ്ട്,
നഗരകാര്യ ഡയറക്ടറേറ്റ്,
സ്വരാജ് ഭവൻ, നന്ദൻകോട്,
തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി&
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
നഗരകാര്യ ഡയറക്ടറേറ്റ്,
സ്വരാജ് ഭവൻ, നന്ദൻകോട്,
തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.10.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15.11.2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | – |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 07.01.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 04.03.2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 04.03.2022 |
| ഹിയറിംഗ് നടന്ന തീയതി | 27.12.2022, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |



ol.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 20.10.2021ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ഫയൽ നമ്പർ G-1 2229/17, 07.03.2017 പ്രകാരം നഗരകാര്യ ഡയറക്ടർക്ക് മരട് നഗരസഭാ സെക്രട്ടറി മുഖാന്തിരം സമർപ്പിച്ച പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോയെന്നും ഉണ്ടെങ്കിൽ എന്തൊക്കെയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും, തുടങ്ങി രണ്ടിനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 15.11.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) നഗരകാര്യ ഡയറക്ടറുടെ 06.10.2017ലെ ഇ7-5500/2017ലെ ഉത്തരവ് നടപടികൾ പ്രകാരം സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ടെന്നും
2) നടപടി സ്വീകരിച്ചിട്ടുണ്ടെന്നും 19.07.2019ലെ ഇ7-25461/18 നമ്പർ കത്തു പ്രകാരവും 07.09.2021ലെ ഇ7-8190/19 നമ്പർ കത്തു പ്രകാരവും റിപ്പോർട്ട് ലഭ്യമാക്കുന്നതിന് മരട് നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 07.01.2022ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ചോദ്യം 1,2 എന്നിവയിൽ പരാമർശിച്ചിരിക്കുന്ന കത്തുകൾ (പരാതി) ഈ ഓഫീസിൽ ലഭ്യമായതായി കാണുന്നില്ലെന്നാണ്.

4. രണ്ടാം എതിർകക്ഷി 24.03.2022ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ ആവശ്യപ്പെട്ട ചോദ്യത്തിന് മറുപടി നൽകിയിട്ടുള്ളതാണെന്നും മരട് നഗരസഭയിൽ നിന്നും ടി ഓഫീസിലേയ്ക്ക് അയച്ചിട്ടുള്ള ജി1-2229/17-ാം നമ്പർ കത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണ് ടിയാൻ ചോദിച്ചിട്ടുള്ളതെന്നും പ്രസ്തുത കത്ത് ടി ഓഫീസിൽ ലഭിച്ചിട്ടില്ലാത്തതും അപേക്ഷയോടൊപ്പം പ്രസ്തുത കത്തിന്റെ പകർപ്പ് ഉണ്ടായിരുന്നതിനാലാണ്

സ്ഥലം മാറ്റം അനുവദിച്ച് നൽകിയിട്ടുള്ള വിവരം മറുപടിയായി നൽകിയിട്ടുള്ളതെന്നാണ്.

ഹർജിക്കാരൻ രണ്ടാമതായി ചോദിച്ചിട്ടുള്ളത് തൃപ്പൂണിത്തുറ നഗരസഭയിൽ നിന്നുള്ള 12.02.2018ലെ ജി1–1758/18, 27.06.2019ലെ ജി1–7824/19 എന്നീ കത്തുകൾക്ക് എന്തു നടപടി സ്വീകരിച്ചുവെന്നാണ്. മേൽ സൂചിപ്പിച്ചിട്ടുള്ള 12.02.2018ലെയും 27.06.2019ലെയും കത്തുകൾ നഗരസഭയിൽ നിന്നും ടി ഓഫീസിൽ ലഭിച്ചിട്ടില്ലെന്നുമാണ്. എന്നാൽ പ്രൊബേഷൻ കാലയളവിൽ ഹർജിക്കാരനെതിരെ വിജിലൻസ് കേസ് നിലവിലില്ലാത്തതാണെന്ന് തൃപ്പൂണിത്തുറ നഗരസഭാ സെക്രട്ടറി 09.10.2018ലെ ജി1–4038/2006 നമ്പർ കത്തു പ്രകാരം അറിയിച്ചിട്ടുള്ളതാണെന്നും ടിയാന്റെ സേവന പുസ്തകത്തിലെ പേജ് നമ്പർ 140ൽ 12.05.2015, 04.12.2015 എന്നീ തീയതികളിൽ ചാർജ്ജ് മെമ്മോയും 13.11.2015 തീയതിയിൽ മെമ്മോയും നൽകിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് മരട് നഗരസഭാ സെക്രട്ടറിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതെന്നും ആയതിനാലണ് വിവരാവകാശ അപേക്ഷയുടെ മറുപടിയിൽ നഗരസഭാ സെക്രട്ടറിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ള വിവരം ടിയാന് മറുപടിയായി നൽകിയിട്ടുള്ളതെന്നുമാണ്.

കൂടാതെ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ചോദ്യങ്ങൾ എന്തെന്നുള്ളത് ടിയാൻ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ളതിനാലാണ് ടിയാന് മറുപടി നൽകിയ അവസരത്തിൽ വിവരങ്ങൾ നൽകിയിട്ടുള്ളതെന്നും ടിയാന്റെ അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള 12.02.2018ലെ ജി1–1758/2018, 27.06.2019ലെ ജി1–7824/2019 നമ്പർ കത്തുകൾ ബന്ധപ്പെട്ട നഗരസഭയിൽ നിന്നും ടി ഓഫീസിൽ അയച്ച് നൽകിയിട്ടില്ലാത്തതാണ്. ആയതിനാലാണ് ടിയാൻ അപ്പീൽ അപേക്ഷ നൽകിയപ്പോൾ ആയതിന് മറുപടിയായി ടി കത്തുകൾ ഈ ഓഫീസിൽ ലഭ്യമായിട്ടില്ലെന്ന് മറുപടി നൽകിയിട്ടുള്ളതെന്ന് ബോധിപ്പിക്കുന്നുവെന്നാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നുള്ളതാണ് ടിയാനു കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ലഭ്യമായ വിവരം ഹർജിക്കാരന്

നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. കൂടാതെ 24.03.2022ലെ റിപ്പോർട്ട് ഹർജിക്കാരന് അയച്ചു നൽകണമെന്ന് കമ്മീഷൻ രണ്ടാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി(ധനകാര്യം)
Ge/